# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 365 — 11-06-2013-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എ.കെ.ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) 2012 ജൂലൈ മാസത്തിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിനെ തുടർന്ന് 120 യൂണി റ്റ് വരെ ഉപയോഗിക്കുന്ന വർക്ക് സബ്സിഡി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ യാണ് ഈയിന ത്തിൽ ബോർഡിന് സർക്കാർ നൽകേണ്ടിയിരുന്നത്; ഈ തുക എങ്ങനെ നൽകുമെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ; വ്യക്തമാക്കു മോ; | (എ) സംസ്ഥാന സർക്കാർ,06.08.2012 ലെ സർക്കാർ ഉത്തരവ് 18/2012/പി.ഡി പ്രകാരം, പ്രതിമാസം 120 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, കൂടാതെ കാർഷിക വിഭാഗം ഉപഭോക്താക്കളെയും, 2012 ജൂലായ് 1- ാം തീയതി മുതൽ കമ്മീഷൻ പുതുക്കി നിശ്ചയിച്ച താരിഫ് വർദ്ധനവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>മേൽപറഞ്ഞ വിഭാഗം ഉപഭോക്താക്കളെ താരിഫ് വർദ്ധനവിൽ നിന്ന് ഒഴിവാക്കുന്നതിന്, പ്രതിവർഷം 294.02 കോടി രൂപയാണ്, സംസ്ഥാന സർക്കാർ സബ്സിഡിയായി വൈദ്യുതി ബോർഡിന് നൽകേണ്ടിയിരുന്നത്. ടി തുക 25 കോടി രൂപ വീതമുള്ള പ്രതിമാസ ഗഡുക്കളായി നൽകുമെന്നാണ് 06.08.2012-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത് |
| (ബി) ഈ സബ്സിഡി പൂർണ്ണമായോ ഭാഗികമായോ ബോർഡിന് ലഭിച്ചിട്ടു ണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ല ഭ്യമാക്കുമോ ; | (ബി) ഈ തുകയിൽ നാളിതുവരെ 25 കോടി രൂപ 2012 ഡിസംബർ 15- ാം തീയതിയിലെ ഉത്തരവു പ്രകാരവും, കൂടാതെ 50 കോടി രൂപ 27.05.2013-ലെ സർക്കാർ ഉത്തരവു പ്രകാരവും State Contingency Fund-ൽ |

| | | |
|---|---|---|
| | | നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുക സബ്സിഡിയായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽഎത്ര രൂപയുടെ കമ്മിയാണ് ബോർഡ് റഗുലേറ്ററി കമ്മിഷന് സമർപ്പിച്ചത്; ഇതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;ഇതിൽ 2012 ജൂലൈ മാസത്തിലെ ചാർജ്ജ് വർദ്ധനവിനെതുടർന്ന് സർക്കാർ പ്രഖ്യാപിച്ചതും ബോർഡിന് ലഭിക്കാതിരുന്ന തുമായ സബ്സിഡിയും ഉൾപ്പെട്ടിട്ടുണ്ടോ ;ഉണ്ടെങ്കിൽഅത് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ | സി) നടപ്പ് സാമ്പത്തിക വർഷത്തിലെ കമ്മി 2,758.67 കോടി രൂപയാണ്. ഇതിന്റെ ഇനം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>ബോർഡ്, 2013-14 സാമ്പത്തിക വർഷത്തേയ്ക്ക്, നിലവിലുള്ള താരിഫിൽ നിന്നുള്ള വരുമാനം കണക്കാക്കിയത് **കമ്മീഷൻ അംഗീകരിച്ച നിരക്കിലാണ്.** **അതായത്** ഗവൺമെന്റ് അംഗീകരിച്ച സബ്സിഡി തുക മുഴുവനായും ലഭിച്ചു എന്നു കണക്കാക്കിയാണ് വൈദ്യുതി ബോർഡ് 2013-14 സാമ്പത്തിക വർഷത്തെ വരുമാനവും റവന്യൂ കമ്മിയും കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 365

| ക്രമ നമ്പർ | വിശദാംശങ്ങൾ | കെഎസ്ഇബി 2013-14 വർഷത്തേക്ക് സമർപ്പിച്ച കണക്ക് |
|---|---|---|
| | ചെലവുകൾ | |
| 1 | വൈദ്യുതി ഉല്പാദന ചെലവ് | 410.04 |
| 2 | വൈദ്യുതി വാങ്ങുന്ന ചെലവ് | 6673.36 |
| 3 | പലിശ | 588.42 |
| 4 | തേയ്മാന ചെലവ് | 435.84 |
| 5 | ജീവനക്കാരുടെ ശമ്പളം, പെൻഷൻ മുതലായവ | 2551.5 |
| 6 | അറ്റകുറ്റപ്പണി | 304.56 |
| 7 | ഭരണചെലവ് | 244.12 |
| 8 | മറ്റ് ചെലവുകൾ | 19.5 |
| 9 | ആകെ ചെലവ് (എ) | 11227.34 |
| | കുറയ്ക്കേണ്ടവ | |
| 10 | മൂലധനത്തിലേക്ക് മാറ്റുന്ന ചെലവുകൾ | 168.24 |
| 11 | മൂലധനത്തിലേയ്ക്ക് മാറ്റുന്ന പലിശ | 62.71 |
| 12 | ആകെ ചെലവ്(ബി) | 10996.39 |
| 13 | നിയമാനുസൃതമായ ലാഭ വിഹിതം (സി) | 240.72 |
| 14 | ആവശ്യമുള്ള മൊത്ത ചെലവ് (ഡി) = (ബി)+(സി) | 11237.11 |
| | വരുമാനം | |
| 15 | മറ്റ് വരുമാനം | 333.2 |
| 16 | വൈദ്യുതി വിൽപ്പനയിൽ നിന്നുള്ള വരുമാനം | |
| | എ. സംസ്ഥാനത്തിനകത്തുള്ള വിൽപ്പന | 8000.69 |
| | ബി. ഇന്ധന സർചാർജ് | |
| | സി.വൈദ്യുതി നിയന്ത്രണത്തിന് മുകളിലുള്ള ഉപയോഗത്തിൽ നിന്നുള്ള അധിക വരുമാനം | 144.55 |
| 17 | ആകെ പ്രതീക്ഷിക്കുന്ന വരുമാനം (ഇ) | 8478.44 |
| 18 | വരുമാനകമ്മി (എഫ്) = (ഡി)- (ഇ) | 2758.67 |

സെക്ഷൻ ഓഫീസർ